# കാട്ടിലെ വിഷു

• മടവൂർ രാധാകൃഷ്ണൻ



മേടം വിഷുവിന്
കൊന്നകളെല്ലാം കാട്ടിൽ പൂവിട്ടു!
ആടിപ്പാടി വരുന്നതു കണ്ടോ
നല്ല കുരങ്ങച്ചൻ!
കൂടെ വരുന്നത്
വെള്ളയുടുത്തൊരു പാവം മുയലാണേ!
ആടിപ്പാടാൻ മാവിൻ കൊമ്പിൽ
കൂ... കൂ.... കുയിലെത്തി!
കണിവെള്ളരിയും തൂക്കി
വരുന്നൊരു കുറുനരിയെക്കണ്ടോ!
മണമൊഴുകും നൽ പൂക്കളിറുത്തു
കുരുവിക്കുഞ്ഞുങ്ങൾ!





# വിഷുക്കണി

• രാജഗോപാലൻ നാട്ടുകൽ

കൊന്നപ്പൂക്കൾ കൊക്കിലിറുക്കി
വന്നിതു കാക്കമ്മ!
കണിവെള്ളരിയും കൈയിലെടുത്തേ
വന്നൂ കുയിലമ്മ
വെറ്റില, പൊൻ നാണയവും കൊണ്ടേ
എത്തീ തത്തമ്മ!
സ്വർണ്ണാഭരണം ഇത്തിരിയൂരി-
ത്തന്നൂ മയിലമ്മ
പ്ലാവിൽക്കേറിയിരുന്നിട്ടുപ്പൻ
ചക്കയുമിട്ടല്ലോ!
നല്ലൊരു ചക്കരമാങ്ങയുമായി
വന്നൂ മൂങ്ങമ്മ
തേച്ചു മിനുക്കിയ ഉരുളിയുമായി
പരുന്തുമെത്തിപ്പോയ്
വിഷു വന്നല്ലോ, പക്ഷികളെല്ലാം
പൊൻകണി വെച്ചല്ലോ
എല്ലാവർക്കും കൈനീട്ടവുമായ് എത്തീ പൂങ്കുരുവി!



▸▸ ആലപ്പുഴ പട്ടണത്തെ കിഴക്കിന്റെ വെനീസ് എന്നു വിശേഷിപ്പിച്ചത്– കഴ്സൺ പ്രഭു